# നബിചര്യ: അറിഞ്ഞിരിക്കേണ്ട വസ്തുതകൾ

**എ. അലവി മൗലവി (റഹി), എടവണ്ണ**

**ഖബർ ആഹാദിൻെറ (خبر آحاد) പ്രാമാണ്യത:**

പ്രവാചക ചര്യയെ വിലവെക്കാത്തവർ മൂന്നു വിഭാഗമുണ്ടെന്ന് ഷാഫിഈ പ്രസ്താവിച്ചതും അതിൽ ഒരു വിഭാഗത്തിൻെറ വാദങ്ങൾ അനിഷേധ്യ പ്രമാണങ്ങൾ നിരത്തിവെച്ച്കൊണ്ട് അദ്ദേഹം ഖണ്ഡിച്ചതും കഴിഞ്ഞ ലേഖനത്തിൽ വിവരിച്ചത് വായനക്കാരുടെ മുമ്പിലുണ്ട്.

ഇനി, രണ്ടാമത്തെ വിഭാഗത്തിൻെറ വാദവും അതിൻെറ പൊള്ളത്തരങ്ങളും ഇമാം ഷാഫിഇയുടെ വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ തന്നെ വിവരിക്കാം. ഖബർ ആഹാദ് പ്രമാണിക്കാൻ പറ്റുകയില്ല എന്നാണ് ഇക്കൂട്ടരുടെ വാദം. ഓരോരുത്തരായി രിവായത്ത് ചെയ്ത ഹദിസുകൾ സ്വീകരിക്കാൻ പാടില്ല എന്നത്രെ ഇവർ പറയുന്നത്. എന്നാൽ ദൈവഭയം, ഭക്തി, സദാചാരനിഷ്ഠ, നീതിബോധം, സത്യസന്ധത, നിഷ്കളങ്കത, നിസ്വാർഥത ഇത്യാദി ഗുണങ്ങളിൽ സുസമ്മതരായ മാന്യൻമാർ ഓരോരുത്തരായി റിപ്പോർട്ട് ചെയ്താലും അത് സ്വീകാര്യവും വിശ്വാസയോഗ്യവുമാണന്ന് അനിഷേധ്യമായ തെളിവുകൾ നിരത്തിവെച്ചുകൊണ്ട് മുസ്ലിം പണ്ഡിതലോകം യുക്തിയുക്തം സമർത്ഥിച്ചു കഴുഞ്ഞിട്ടുള്ളതാണ്. ഇമാം ഷാഫിയെ പോലുള്ള പല പണ്ഡിതവര്യൻമാരും ഇക്കൂട്ടരുടെ എതിർവാദത്തിൻെറ അത്യാപൽക്കരമായ ഫലങ്ങൾ ചൂണ്ടിക്കാണിക്കുകയും ഇവരുടെ വാദമുഖങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്തിട്ടുണ്ടെന്ന്.

നബി(സ)യെ കുറിച്ച് വന്ന റിപ്പോർട്ടുകളിൽ സൂക്ഷ്മവും പ്രമാണയോഗ്യവുമായ നിലയിൽ വന്നവ അല്ലാത്തവയിൽ നിന്നും തരംതിരിച്ചു രക്ഷപ്പെടുത്തി ഭദ്രമാക്കി വെക്കുവാൻ മുസ്ലിം പണ്ഡിത ലോകം സുശക്തവും ബലവത്തുമായ വ്യവസ്ഥകൾ ചെയ്തുവെച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ഏതു യുക്തിവാദിയും സശിരകമ്പം സമ്മതിക്കുന്നതും ഇതര മതസ്ഥരിൽ നിഷ്പക്ഷമതികളായ ചിന്തകൻമാർ പോലും ശരിവെച്ചിട്ടിള്ളതും മുസ്ലിം ലോകം അംഗികരിച്ചിരിക്കുന്നതുമാണ്. മുസ്ത്വലഹുൽ ഹദീസ് (ഹദീസ് വിജ്ഞാനീയം) എന്ന പേരിൽ ഒരു കെട്ടുറപ്പുള്ള ശാസ്ത്രമായി ഇന്നത് പ്രശോഭിക്കുന്നു. ഉപരിസൂചിതമായ ഗുണങ്ങൾ തികഞ്ഞ വിശ്വസ്തനായ ഒരു വ്യക്തി, ആദരണീയനായ മറ്റൊരു വ്യക്തിയിൽനിന്നും ഉദ്ധരിക്കുന്ന അമൂല്യങ്ങളായ ആജ്ഞകളും നിർദ്ദേശങ്ങളും വിലവെക്കാതെ തള്ളിക്കളയുകയെന്നത് ധിക്കാരികൾക്ക് മാത്രം ചേർന്ന ഒരു കാര്യമാകുന്നു. ബുദ്ധിക്ക് തകരാറ് പറ്റിയിട്ടില്ലാത്ത ആർക്കും തന്നെ ഇക്കാര്യത്തിൽ സന്ദേഹത്തിനു അവകാശമില്ല. ഉപരിസൂചിതമായ ഹദീസ് വിജ്ഞാനീയ ശാസ്ത്രത്തിൽ ഈ വസ്തുകളെല്ലാം യുക്തിയുക്തവും ലക്ഷ്യസഹിതവും വിവരിച്ചിട്ടിണ്ട്. അതൊന്നും ശരിക്ക് പഠിക്കാതെ, ഇല്ലെകിൽ ഗ്രഹിക്കാൻ കഴിയാത്തതിൻെറ ഫലം, അല്ലെകിൽ അൽപജ്ഞതയാലും ചിന്താശൂന്യത നിമിത്തവുമുണ്ടാ

കുന്ന എടുത്തു ചാട്ടത്തിൻെറ അനിവാര്യ ഫലമായിരിക്കാം സുന്നത്ത് നിഷേധത്തിൻെറതും ഖബർ ആഹാദ് തള്ളിക്കളയുന്നതിൻെറതുമായ ചില അപശബ്ദങ്ങൾ ഇന്നും തലപൊക്കി കാണുന്നത്.

ഖബർ ആഹാദ് സ്വീകാര്യമല്ല എന്ന വാദവും സുന്നത്ത് നിഷേധത്തിലേക്കാണെത്തിക്കുക. കാരണം നബി(സ)യിൽ നിന്നും ഉപരിസൂചിതമായ വിശ്വസ്തൻമാരാൽ ഓരോരുത്തരായി റിപ്പോട്ട് ചെയ്യപ്പെട്ടതും അനിഷേധ്യമായി മുസ്ലിം പണ്ഡിതലോകത്തിനു ബോധ്യപ്പെട്ടു കഴിഞ്ഞതുമാണ് സുന്നത്ത്(നബിചര്യ)കളിൽ അധികകൂറും. അതെല്ലാം തള്ളിക്കളയണമെന്ന് പറയുമ്പോൾ നബിചര്യയിൽ വളരെയൊന്നും സ്വീകാര്യമായവ ശേഷിക്കുകയില്ല. അനുഷ്ഠാന കർമ്മങ്ങളുടെ സമയങ്ങൾ, രൂപങ്ങൾ, വിവാഹം, അനന്തരാവകാശം, ഇടപാടുകൾ, ധർമ്മസമരം, യുദ്ധവ്യവസ്ഥകൾ, കുടുംബത്തിൻെറയും രാഷ്ട്രത്തിൻെറയും സ്ഥാപനത്തിന്നും നിലനിൽപിന്നും ആവശ്യമായ സാമ്പത്തിക പദ്ധതികൾ ഇത്യാദി കാര്യങ്ങളുടെ വിശദാംശങ്ങൾ എല്ലാം അനിഷേധ്യമായി സ്ഥിരപ്പെട്ട ആഹാദിൻെറ ഹദീസുകൾ മുഖേന സിദ്ധിച്ചിട്ടുള്ളതാണ്. അപ്പോൾ നബി(സ)യുടെ മാതൃകാപരമായ ജീവിതത്തെ പിന്തുടരാതെ കുത്തഴിഞ്ഞ അരാജകത്വത്തിലേക്ക് ഇസ്ലാമിക ജീവിതത്തെ തള്ളിവിടുകയെന്നതാവും ആഹാദിൻെറ ഹദീസുകൾ ലക്കില്ലാതെ തള്ളിവിടുന്നതിൻെറ അനിവാര്യഫലം. അഖ്ബാറുൽ ആഹാദ് പ്രമാണയോഗ്യമാണന്ന് സ്ഥാപിക്കുന്നതിന്നായി തെളിവുകളുടെ ഒരു ഘോഷയാത്രതന്നെ എൻെറ മുമ്പിൽ അണിനിരന്നു നിൽക്കുകയാണ്. ദൈർഘ്യഭയം നിമിത്തം ചിലതു മാത്രം ഞാനിവിടെ ഉദ്ധരിക്കാം.

(ഒന്ന്) മുതവാതിർ ആയ ഹദീസ് മാത്രമെ മതത്തിൻെറ കർമ്മപരമായ നിയമങ്ങളിൽ ലക്ഷ്യമായി സ്വീകരിക്കാൻ പാടുള്ളൂ എന്ന വാദത്തിന്ന് വെറും ചില അനുമാനങ്ങളും യുക്തി വാദങ്ങളും ജൽപിക്കപ്പെടുന്നതല്ലാതെ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും യാതൊരു തെളിവും ലഭിക്കുന്നില്ല. നേരെ മറിച്ച് സത്യവാൻ ആണെന്ന് അറിയപ്പെട്ട ഒരാൾ പറയുന്നത് ലക്ഷ്യമായി സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണമെന്നുള്ളതിന്ന് ഖുർആനിലും ഹദീസിലും ധാരാളം തെളിവുകൾ കാണാവുന്നതുമാണ്. ഖുർആനിൽ അല്ലാഹു ഇങ്ങനെ പറയുന്നു:

۞ وَمَا كَانَ ٱلْمُؤْمِنُونَ لِيَنفِرُوا۟ كَآفَّةً ۚ فَلَوْلَا نَفَرَ مِن كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ لِّيَتَفَقَّهُوا۟ فِى ٱلدِّينِ وَلِيُنذِرُوا۟ قَوْمَهُمْ إِذَا رَجَعُوٓا۟ إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ ﴿١٢٢﴾

"സത്യവിശ്വാസികൾ കൂട്ടത്തോടെ (മതത്തിൽ വിജ്ഞാനം കരസ്ഥമാക്കുവാൻ) പോകാവുന്നതല്ല. അതുകൊണ്ട് അവരിൽ ഓരോ വിഭാഗത്തിൽനിന്നും ഒരുക്കൂട്ടർ മതത്തിൽ വിജ്ഞാനം കരസ്ഥമാക്കുവാൻ വേണ്ടിയും അവർ മടങ്ങിയെത്തിയാൽ തങ്ങളുടെ ജനങ്ങൾക്ക് ഉപദേശം നൽകുവാൻ വേണ്ടിയും പോയിക്കൂടെ? എന്നാൽ, അവരും സൂക്ഷിക്കുന്നവരായിത്തിരുമല്ലോ." (തൗബ 122) طائفة എന്ന വാക്കിന് വിഭാഗം, സംഘം എന്നൊക്കെ അർത്ഥം

പറയാവുന്ന പോലെത്തന്നെ ഓരോ വ്യക്തിക്കും പറയാവുന്നതാണ് എന്ന് ഭാഷാ നിഘണ്ഡുകളിൽ തന്നെ കാണാം. മറ്റൊരു ആയത്ത് ഇതിന്ന് തെളിവാകുന്നു:

وَإِن طَآئِفَتَانِ مِنَ ٱلْمُؤْمِنِينَ ٱقْتَتَلُوا۟

(സത്യവിശ്വാസികളിൽപെട്ട രണ്ടു കൂട്ടർ തമ്മിൽ കലഹിച്ചാൽ) (ഹുജ്റാത്ത് 9) എന്ന ഈ ആയത്തിൽ രണ്ടു കൂട്ടർ തമ്മിൽ കലഹിച്ചാൽ മററുള്ളവർ സന്ധിശ്രമം നടത്തണം എന്ന് കൽപിച്ചിരിക്കുകയാണല്ലോ. എന്നാൽ രണ്ടു കൂട്ടർ എന്ന് ഈ ആയത്തിൽ പറഞ്ഞതിന്റെ അർത്ഥതത്തിൽ രണ്ടു വ്യക്തികൾ തമ്മിൽ കലഹിക്കുന്നതും ഉൾപ്പെടുന്നുണ്ട്. അപ്പോൾ സത്യവിശ്വാസികളിൽപെട്ട ഓരോ വിഭാഗത്തിൽ നിന്നും ഒരു കൂട്ടർ മതത്തിൽ വിജ്ഞാനം കരസ്ഥമാക്കുന്നതിന്നും തങ്ങളുടെ ജനങ്ങളിൽ മടങ്ങിവന്ന് ഉപദേശം നൽകുന്നതിന്നുമായി പേകേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്ന പ്രസ്തുത ആയത്തിലെ طائفة എന്ന വാക്കിൽ ഒരാളെങ്കിലും പോകേണ്ടതാണ് എന്നു കൂടി ഉൾപ്പെടുന്നുണ്ട്. മതത്തിൽ വിജ്ഞാനം കരസ്ഥമാക്കുക എന്നത് പരിശുദ്ധ ഖുർആനും നബി(സ)യുടെ തിരുചര്യയും പഠിക്കലാണെന്ന് വ്യക്തമാണല്ലോ. അങ്ങനെ പഠിച്ച് ജനങ്ങളുടെ അടുക്കൽ മടങ്ങിവന്ന് ഖുർആൻ വാക്യങ്ങളും നബിചര്യയും അവർക്ക് ഉദ്ധരിച്ചു കൊടുക്കുകയും അവർ അത് സ്വികരിച്ചുകൊണ്ട് പ്രവർത്തിക്കുകയും ചെയ്യുകയാണ് മേലുദ്ധരിച്ച ആയത്തിന്റെ താൽപര്യം. മതകാര്യത്തിൽ ഒരാൾ മാത്രം പറയുന്നത് മറ്റുള്ളവർക്ക് സ്വീകരിക്കുവാനും അത് അനുസരിച്ച് പ്രവർത്തിക്കുവാനും പാടില്ല എന്ന നിലയിലാണ് ഖുർആൻ സ്വീകരിച്ചിരുന്നതെങ്കിൽ ഒരു വ്യക്തിക്ക് മാത്രമായും ഉപയോഗിക്കാവുന്ന طائفة എന്ന വാക്ക് തീർച്ചയായും ഇവിടെ ഉപയോഗിക്കുക ഇല്ലായിരുന്നു. ഒരു സംഘം ആളുകൾ എന്നോ അല്ലെങ്കിൽ, ഒരു നിശ്ചിത എണ്ണം ആളുകൾ എന്നോ വ്യക്തമായ ഭാഷയിൽ തന്നെ പറയുമായിരുന്നു. അപ്പോൾ ഒരു വ്യക്തി മാത്രം ഉദ്ധരിക്കുന്ന നബിവചനവും മതത്തിൽ ലക്ഷ്യമായി സ്വീകരിക്കേണ്ടതാണ് എന്ന് ഈ ആയത്ത്കൊണ്ട് തെളിഞ്ഞു. ഇതിനെ ശക്തിപ്പെടുത്തുന്ന മറ്റൊരു ആയത്ത്കൂടി ഇവിടെ ഉദ്ധരിക്കാം

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن جَآءَكُمْ فَاسِقٌۢ بِنَبَإٍ فَتَبَيَّنُوٓا۟

“വിശ്വസിച്ചവരെ, ഫാസിഖായ ഒരാൾ വല്ല വാർത്തയും നിങ്ങളുടെ അടുക്കൽ കൊണ്ടുവന്നാൽ നിങ്ങൾ തെളിവ് അന്വേഷിക്കണം.” (ഹുജ്റാത്ത് 6) فاسق എന്നാൽ മതത്തിന്റെ ശാസനകളാകുന്ന നിയമങ്ങളുടെ പരിധിക്കുള്ളിൽ ഒതുങ്ങി നിൽക്കാതെ അത് ലംഘിക്കുന്നവനാകുന്നു. അങ്ങനെയുള്ള ഒരാൾ വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുക്കൽ വന്നാൽ അവൻ പറഞ്ഞത് സത്യമാണോ എന്ന് പരിശോധിക്കണമെന്നാണല്ലോ ആയത്തിന്റെ സാരം. ഇവിടെ തെളിവ് അന്വേഷിക്കുന്നത് അവൻ പറഞ്ഞത് സത്യമാണന്ന് സമ്മതിക്കത്തക്കവണ്ണം ആ വാർത്തക്ക് വല്ല അടിസ്ഥാനവുമുണ്ടോ എന്ന് അന്വേഷണം നടത്തലാണല്ലോ. ‘ഫാസിഖായ ഒരാൾ കൊണ്ട് വന്നാൽ’ എന്ന വാക്കിൽ ഫിസ്ഖ് എന്ന വിശേഷണം പ്രത്യേകം എടുത്തു പറഞ്ഞിരിക്കയാണ്. ഒരാൾ വല്ല വർത്തമാനവും

കൊണ്ടുവന്നാൽ എന്നല്ല പറഞ്ഞിരിക്കുന്നത്. അതിനാൽ ഇവിടെ റിപ്പോർട്ടിന്ന് തെളിവ് അന്വേഷിക്കണം എന്ന് കൽപിച്ചിരിക്കുന്നത് പറഞ്ഞവൻ ഫാസിഖ് ആയത് കൊണ്ടാണന്ന് വ്യക്തമായി. അപ്പോൾ ഫാസിഖല്ലാത്ത വിശ്വസ്തനായ ഒരാൾ ഒരു വർത്തമാനം കൊണ്ടുവരികയാണെങ്കിൽ അത് തെളിവന്വേഷിക്കാതെ തന്നെ നിങ്ങൾക്ക് സ്വകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യണമെന്നല്ലേ ഈ ആയത്ത് തെളിയിക്കുന്നത്. ഇതിനെ മററു പല ആയത്തുകളും ഹദീസുകളും സഹായിക്കുകയും ചെയ്യുന്നുണ്ട്. അപ്പോൾ ഈ ആയത്തും ഓരോരുത്തരായി നിവേദനം ചെയ്യുന്ന ഹദീസ് മതത്തിൽ ലക്ഷ്യമായി സ്വീകരിക്കണം എന്ന് കാണിക്കുന്ന ഒരു തെളിവ് തന്നെയാണ്. മറ്റൊരു ആയത്ത് കൂടി ഉദ്ധരിക്കാം

۞ يَـٰٓأَيُّهَا ٱلرَّسُولُ بَلِّغۡ مَآ أُنزِلَ إِلَيۡكَ مِن رَّبِّكَۖ

(ദൈവദൂതനായ പ്രവാചകാ, നിൻെറ രക്ഷിതാവികൽ നിന്ന് നിൻെറ അടുക്കലേക്കു ഇറക്കപ്പെട്ടിരിക്കുന്നത് നീ എത്തിച്ചുകൊടുക്കുക).

ഈ ആയത്തിൽ അല്ലാഹുവികൽ നിന്നും തനിക്ക് ഇറക്കപ്പെട്ടിരിക്കുന്നത് ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുവൻ അല്ലാഹു നബിയോട് റസൂൽ എന്ന സ്ഥാനപ്പേര് വിളിച്ചുകൊണ്ട് കൽപിക്കുകയാണ്. അപ്പോൾ വേദഗ്രന്ഥവും ഹിക്മത്തും ജനങ്ങൾക്ക് എത്തിച്ചു കൊടുക്കേണ്ടത് മുഹമ്മദ് നബിയുടെ കടമയാണന്ന് വ്യക്തമായി. നബിയാണകിൽ മനുഷ്യ ലോകത്തിനു മുഴുവൻ റസൂലായി നിയോഗിക്കപ്പെട്ടിരിക്കുന്ന അന്ത്യപ്രവാചകനുമാണ്. ലോകാവസാനം വരെയുള്ള എല്ലാ മനുഷ്യ സമുദായത്തിന്നും മുഴുവനും തിരുമേനിയുടെ ദൗത്യം എത്തിക്കേണ്ടതും എത്തിച്ചു കൊടുക്കേണ്ടതുമുണ്ട്. ഈ ജനങ്ങളോടെല്ലാം നബി(സ) നേരിട്ട് പ്രബോധനം നടത്തുന്നത് സാധ്യമല്ലെന്ന് പറയേണ്ടതില്ലല്ലോ. അപ്പോൾ തന്നിൽനിന്നു കേൾക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ളവർ മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുവാൻ കൽപിക്കുകയും തൻെറ ശിഷ്യൻമാരെ പ്രബോധനാർതഥം ഒരോ പ്രദേശങ്ങളിലേക്ക് നിയോഗിക്കുകയും ചെയ്ത്കൊണ്ട് തൻെറ ദൗത്യ നിർവഹണം നടത്തുകയല്ലാതെ മറ്റെന്താണ് നബി(സ)ക്ക് സ്വീകരിക്കുവാനുള്ളത്. മതവിഷയങ്ങളിൽ വ്യക്തികൾ മാത്രം നിവേദനം ചെയ്യുന്നത് ലക്ഷ്യമായി സ്വീകരിക്കൽ മതിയാകയില്ലെങ്കിൽ ഓരോ സ്ഥലങ്ങളിലേക്കും മുതവാതിർ ആയിത്തീരത്തക്ക ഓരോ സംഘം ആളുകളെ തന്നെ നബി(സ) അയക്കേണ്ടിവരുമായിരുന്നു. ഇത് സാധ്യമല്ലെന്ന് വ്യക്തമാണ്. ആയതിനാൽ തവാതുറിൻെറ സംഘമോ ഇത്ര ആൾ വേണമെന്നുള്ള നിർണ്ണയമോ ഈ വിഷയത്തിൽ വേണ്ടതില്ലെന്നും, പറയുന്ന ആൾ തികച്ചും വിശ്വസ്തൻ ആയിരിക്കണമെന്ന നിബന്ധന മാത്രമേ സാധ്യവും പ്രായോഗികവും ആയിരിക്കുകയുള്ളുവെന്നും വ്യക്തമായി. അപ്പോൾ, ഖബർ വാഹിദ് മതപരമായ നിയമങ്ങളിൽ ലക്ഷ്യമായി സ്വീകരിക്കണമെന്നുള്ളതിന് ഈ ആയത്തും ഫലത്തിൽ തെളിവ് തന്നെയാണ്. ലക്ഷത്തിൽ പരം ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ഹജ്ജത്തുൽ വദാഇൽ നബി(സ) ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞത് പ്രസിദ്ധമാണ്.

فليبلغ الشاهد الغائب

(ഇവിടെ സന്നിഹിതനായി സാക്ഷ്യം വഹിചിട്ടുള്ളവൻ സന്നിഹിതനായിട്ടില്ലാത്തവന്നു എത്തിച്ചു കൊടുക്കട്ടെ) മറ്റൊരു ഹദീസിൽ ഇങ്ങനെ പറയുന്നു

نضر الله عبدا سمع مقالتي فحفظها ووعاها وأداها فرب حامل فقه غير فقيه ورب حامل فقه إلى من هو أفقه منه (رواه أصحاب السنن)

(എന്റെ വാക്ക് കേട്ടു ഹൃദിസ്ഥമാകുകയും മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുന്ന ഏതോരടിയാനെയും അല്ലാഹു പ്രസന്നനാകട്ടെ. കാരണം വിജ്ഞാനിയല്ലാത്ത എത്രയോ വിജ്ഞാന വാഹകൻമാരുണ്ട്. തന്നെക്കാൾ വിജ്ഞാനിയായ ആളുകളുടെ അടുക്കലേക്ക് വിജ്ഞാനവും വഹിച്ചു ചെല്ലുന്ന (എത്തിച്ചു കൊടുക്കാൻ സാധിക്കുന്ന) എത്രയോ ആളുകളുണ്ട്. ഈ രണ്ടു വചനങ്ങളിലും الشاهد ഹാജറുള്ളവൻ എന്നും عبدا അടിയൻ എന്നും حامل فقه വിജ്ഞാനം വഹിച്ചവൻ എന്നും ഏകവചനപ്രയോഗം മാത്രമേ നബി(സ) ചെയ്തിട്ടുള്ളൂ. അങ്ങനെ നബി(സ) പറയുന്നത് കേൾക്കുകയും അവിടുന്നു പ്രവർത്തിക്കുന്നത് കാണുകയും ചെയ്യുന്ന ഏതൊരാളെയും അതു ശരിക്കും ഹൃദിസ്ഥമാക്കി സൂക്ഷിക്കുകയും മററുള്ളവർക്ക് ഉദ്ധരിച്ചു കൊടുക്കുകയും ചെയ്യുവാൻ അവിടുന്ന് ഭരമേല്പിച്ചിരിക്കുകയാണ്. അപ്പോൾ അവിടുന്ന് പറയുന്നത് കേൾക്കുകയും പ്രവർത്തിക്കുന്നത് കാണുകയും ചെയ്തിട്ടുള്ള ഏതൊരാൾക്കും അത് ഒരാൾ മാത്രമായിരിക്കട്ടെ സംഘം ആയിരിക്കട്ടെ താൻ കേൾക്കുകയും കാണുകയും ചെയ്തിട്ടുള്ള പോലെ മറ്റുള്ളവർക്ക് ഉദ്ധരിച്ചു കൊടുക്കൽ നിർബന്ധമാണന്ന് സർവ്വസ്വീകാര്യമായ ഈ രണ്ടു ഹദീസുകളും കാണിക്കുന്നുണ്ട്. താൻ കേട്ടും കണ്ടും ഹൃദിസ്തമാക്കിയത് മറ്റുള്ളവർക്കുദ്ധരിച്ചു കൊടുക്കുന്നതിനു അവന്റെ വാക്ക് സ്വീകരിക്കപ്പെടുന്നതായാൽ മാത്രമേ വിജ്ഞാനം പകർന്നുകെടുക്കുക എന്നത് അതിന്റേതായ ഫലം ഉളവായിത്തീരുകയുള്ളു. അപ്പോൾ തന്റെ വാക്കുകളും പ്രവർത്തികളും മറ്റുള്ളവർക്കെത്തിച്ചു കൊടുക്കുവാൻ നബി(സ) ചെയ്തിരിക്കുന്ന ഈ ക്ഷണം അങ്ങനെ ഉദ്ധരിച്ചു കൊടുക്കുന്ന ആൾ വിശ്വാസയോഗ്യനും ഭക്തനും കൃത്യബോധമുള്ളവനും ആയിത്തീരുമ്പോഴെല്ലാം അത് സ്വീകരിക്കുവാനുള്ള ബാധ്യതയും ഉൾക്കൊള്ളുന്നുണ്ട്. കൂടാതെ നബി(സ) തങ്ങളുടെ ഇടയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ അവിടത്തെ ശിഷ്യൻമാർ മതപരമായ നിയമങ്ങൾക്ക് അടിസ്ഥാനമായ (ഹദീസുകൾ) ഒരോരുത്തരായികൊണ്ടുതന്നെ - സംഘങ്ങൾ ആയിട്ടല്ല - എത്തിച്ചുകൊടുക്കാറുണ്ടായിരുന്നു. ഒരാൾ മാത്രം പറയുന്ന ഹദീസ് മതപരമായ വിധിക്ക് ലക്ഷ്യമായി സ്വീകരിക്കുവാൻ മതിയാകുമായിരുന്നില്ലെങ്കിൽ അക്കാര്യം നബി(സ) വ്യക്തമാക്കേണ്ടത് തന്നെയായിരുന്നു. അത് അവിടെത്തെ ദൗത്യനിർവഹണത്തിൽപെട്ട ഒരു കാര്യം ആയിത്തീരുന്നതുമാണ്. മാത്രമല്ല മതനിയമങ്ങൾ എത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ ഒരാളെ മാത്രം അയക്കുന്നത് കൊണ്ട് നബി(സ) തന്നെ മതിയാക്കുക സാധാരണമായിരുന്നു എന്ന കാര്യം ഒരു ചരിത്ര സത്യമാകുന്നു. കൂടാതെ മുതവാതിറൊ അല്ലെങ്കിൽ ഒരു പ്രത്യേക എണ്ണം വരുന്ന സംഘമോ പറയുന്ന വർത്തമാനങ്ങൾ മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ എന്ന് വരുന്ന പക്ഷം സത്കർമ്മം ഉപദേശിക്കുകയും ദുഷ്കർമ്മം തടയുകയും വേണമെന്ന് കാണിക്കുന്ന എത്രയോ ആയത്തുകൾ ഫലത്തിൽ അപ്രായോഗികമാണന്ന് വരുന്നതാണ്.

ഖബർ വാഹിദ് പ്രമാണമായി സ്വീകരിക്കണമെന്നുള്ള തത്വം പല ആയത്തുകൾകൊണ്ടും തെളിഞ്ഞിട്ടുള്ള ഒരു പരമാർത്ഥം ആകുന്നു. അതുകൊണ്ട് തന്നെയായിരുന്നു നബി(സ)യുടെ കാലത്തുതന്നെ സഹാബത്ത് ഖബർ വാഹിദ് നിരാക്ഷേപം സ്വീകരിച്ചുവന്നിരുന്നതും. കഅബയുടെ നേരെയാക്കി ഖിബ്ല മാറ്റിയ വർത്തമാനം ഒരാൾ മാത്രം അറിയിച്ചപ്പോൾ അത്

സ്വീകരിച്ച അൻസാരികളിൽ പെട്ട ഒരു കൂട്ടം ആളുകൾ നമസ്കാര മദ്ധ്യേ തന്നെ ഖഅബയുടെ നേർക്ക് തിരിഞ്ഞ വർത്തമാനം സ്വഹീഹുൽ ബുഖാരിയിലും മററുമുണ്ട്. അബൂ ഉബയ്യ, അബൂ ത്വൽഹ, ഉബയ്യുബ്നു കഅബ്, എന്നീ പ്രമുഖ സ്വഹാബിമാർ ഒരാഗതൻ വന്ന് കള്ള് ഹറാമാക്കപ്പെട്ടിരിക്കുന്നു എന്നറിയിച്ച മാത്രയിൽ തന്നെ കള്ളിൻ വീപ്പകൾ തച്ചുടച്ച സംഭവം ബുഖാരിയടക്കമുള്ള ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. തൻെറ അയൽവാസി യായ അൻസാരി പറഞ്ഞു കൊടുക്കുന്ന ഹദീസുകൾ ഉമറും(റ), ഉമർ(റ) പറഞ്ഞു കൊടുക്കുന്ന ഹദീസുകൾ അയൽവാസിയും സ്വീകരച്ചിരുന്നുവെന്ന സംഭവം ബുഖാരിയിൽ വിവരിച്ചിട്ടുണ്ട്. ഒരാൾ മാത്രം വിളിച്ച് പറയുന്ന ബാകിനെ അടിസ്ഥാനമാക്കി നമസ്കാരം, നോമ്പ്, മുതലായ ആരാധന കർമ്മങ്ങളുടെ സമയം നിർണയിക്കുന്നതും ഖബർ വാഹിദ് സ്വീകരിക്കുന്നതിന്ന് ഒരു തെളിവ് തന്നെയാണ്.

പലഭാഗങ്ങളിലേക്കും നബി(സ) സക്കാത്ത് പിരിച്ചെടുക്കുന്ന ഉദ്യേഗസ്ഥൻമാരായി ഓരോരുത്തരെ മാത്രം അയക്കാറുണ്ടായിരുന്നു. അങ്ങനെ അയച്ചിരുന്ന ഉദ്യോഗസ്ഥൻ മാരുടെയും അവരെ അയച്ചിരുന്ന സ്ഥലങ്ങളുടെയും പേരുകളെല്ലാം ചരിത്ര ഗ്രന്ഥങ്ങളിലും ഹദീഥ് ഗ്രന്ഥങ്ങളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഉദ്യോഗസ്ഥൻമാരെ അയച്ചിരുന്ന സ്ഥലങ്ങളിലുള്ള ഒരാളും താകൾ ഒരാൾ മാത്രമേയുള്ളൂ, താകളെ നബി(സ) അയച്ചതാണെന്നു ഞങ്ങൾ വിശ്വസിക്കുകയില്ല, താകൾക്ക് ഞങ്ങളുടെ പക്കൽ നിന്ന് സക്കാത്ത് വാങ്ങാൻ അവകാശമില്ല, താകൾ മാത്രം പറയുന്നതിനെ ആസ്പദമാക്കി താകളെ നബി(സ) അയച്ചതാണെന്നും. താകൾ പറയുന്ന തോതനുസരിച്ചാണ് സക്കാത്ത് എന്നും ഞങ്ങൾ എങ്ങനെ തീരുമാനിക്കും എന്നു പറഞ്ഞില്ല.

ചുരുക്കി പറഞ്ഞാൽ, മതപരവും രാഷ്ട്രീയവും സാമൂഹ്യവുമായ വളരെ പ്രധാന കാര്യങ്ങളും ആഹാദിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു നബി(സ) നടത്തിപോന്നിരുന്നത്.

നബി(സ)യുടെ പ്രവർത്തി ഖിയാമത്ത് നാൾവരെ നിലനിൽക്കുന്ന ലക്ഷ്യമാണല്ലോ. തൻെറ ഉദ്യോഗസ്ഥൻമാരെ ഒരോരുത്തരായി അയക്കുന്ന സമ്പ്രദായമായിരുന്നു നബി(സ) സ്വീകരി ച്ചുവന്നിരുന്നത്. ജനങ്ങൾക്ക് ബോധ്യപ്പെടുത്തുവാൻ ഉദ്യോഗസ്ഥൻമാരോടൊപ്പം രണ്ടു സാക്ഷികളെ അയക്കാറില്ല. അപ്പോൾ നിവേദകൻ വിശ്വസ്തനും സ്വീകാര്യയോഗ്യനും ആയിരി ക്കുന്ന കാലത്തോളം ആഹാദിൻെറ ഹദീസുകൾ മതനിയമങ്ങൾക്ക് ലക്ഷ്യമായി പരിഗണി ക്കപ്പെടേണ്ടതാണ് എന്ന് പഠിപ്പിക്കുകയാണ് തൻെറ ഈ പ്രവർത്തനങ്ങൾ കൊണ്ട് നബി (സ) ചെയ്തിരിക്കുന്നത്.

മാത്രമല്ല, ഓരോ അവസരങ്ങളിൽ നബി(സ) ഓരോ ദൂതൻമാരെ ഓരോ രാജാക്കൻമാരുടെ അടുക്കലേക്ക് അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നതിനായി അയക്കുകയുണ്ടായി. ഇങ്ങനെ പന്ത്രണ്ട് രാജാക്കൻമാരുടെ അടുക്കലേക്ക് അയച്ചിട്ടുണ്ട്. ഓരോ ദൂതനും തന്നെ നിയോഗിച്ചി രുന്ന ഭാഗത്ത് ഏകനായിരുന്നു. അതു കൊണ്ടും ഖബർ വാഹിദ് ലക്ഷ്യമാണെന്ന് സ്ഥാപി തമാകുന്നു. നബി(സ) ഓരോ പ്രദേശത്തും നിയമിച്ചിട്ടുണ്ടായിരുന്ന പ്രാദേശിക ഭരണകർത്താക്കൾക്ക് ഓരോ ദൂതൻമാരുടെ പക്കൽ എഴുത്തുകളും അയക്കാറുണ്ടായിരുന്നു. എഴുത്തു കൊണ്ടുവന്നിട്ടുള്ളത് ഒരാൾ മാത്രമേയുള്ളൂ എന്ന കാരണത്താൽ ആ എഴുത്തിൽ

പറയുന്ന കാര്യം സ്വീകരിച്ചു നടപ്പാക്കേണ്ടതില്ലെന്നും ആ ഉദ്യോഗസ്തൻമാരിൽ ഒരാൾക്കും തോന്നുകയുണ്ടായിട്ടില്ല. മേൽ പ്രസ്താവിച്ച എല്ലാ സംഭവങ്ങളും കാണിക്കുന്നത് ഒരു കാര്യം ബോധ്യപ്പെടുന്നതിനു സത്യസന്ധനും വിശ്വസ്തനുമായ ഒരാൾ മാത്രം നിവേദനം ചെയ്യുന്ന ഖബർ വാഹിദു മതി എന്നുതന്നെയാണ്. മതിയാകയില്ലായിരുന്നെങ്കിൽ നബി(സ) ഓരോ ആളുകളെ മാത്രം ദൂതൻമാരായി അയക്കുന്നത് കൊണ്ട് മതിയാക്കുകയില്ലായിരുന്നു. ഒരാൾ മുഖേന മാത്രം അയച്ചുകൊടുത്തിരുന്ന വർത്തമാനങ്ങൾ ജനങ്ങൾ സ്വീകരിക്കാതെ തള്ളിക്കളയുകയും ചെയ്യുമായിരുന്നു. അങ്ങനെയൊന്നും സംഭവിച്ചതായി രേഖപ്പെടുത്തപ്പെട്ടി ട്ടില്ല. നേരെ മറിച്ച് അതെല്ലാം സ്വീകരിക്കപ്പെട്ടതായി തെളിയുകയും ചെയ്തിരിക്കുന്നു.

ആകയാൽ, വർത്തമാനം സ്വീകാര്യയോഗ്യമായി തീരുന്നതിനു ഇത്ര പേർ വേണമെന്നില്ല, നേരെമറിച്ച്, പറയുന്ന ആൾ സത്യവാനും പ്രമാണ്യയോഗ്യനും വിശ്വസ്തനും ആയിരി ക്കണമെന്ന കാര്യത്തിലാണ് ഖുർആനും നബിയും സ്വഹാബത്തും പരിഗണന നൽകിയി രുന്നത് . സ്വഹാബത്തിനെ സംബന്ധിച്ചടത്തോളം ഖബർ വാഹിദ് അവർ സ്വീകരി ക്കാറുണ്ടായിരുന്നു എന്ന വസ്തുത വളരെ പ്രസിദ്ധവും പ്രചുരവുമാകുന്നു. വല്ല പ്രശ്നവും അവർക്ക് നേരിടേണ്ടി വരികയും അതിനെ കുറിച്ച് ഖുർആനിൽ വ്യക്തമായ വിധി കണ്ടെത്താൻ സാധിക്കാതെ വരികയും ചെയ്താൽ ആ വിഷയത്തിൽ റസൂൽ(സ) തിരുമേനി യുടെ ചര്യ എന്തായിരുന്നു എന്ന് അന്വേഷിച്ചറിയുവാൻ അവർ ബദ്ധശ്രദ്ധരായിരുന്നു. അക്കാര്യത്തിൽ സാർവത്രികമായ നിലക്കുള്ള ഹദീസും പ്രസിദ്ധിയാർജിച്ചിട്ടുള്ള ഹദീസും വ്യക്തികളാൽ മാത്രം നിവേദനം ചെയ്യപ്പെടുന്ന ഹദീസും എല്ലാം അവർ സ്വീകരിക്കാറുണ്ടായി രുന്നു. അത്തരം സംഭവങ്ങൾ വളരെയധികമുണ്ട്.

എല്ലാ വിരലുകൾക്കും നഷ്ടപരിഹാരം സമമാണന്നുള്ള അംറുബ്നു ഹസം(റ) ൻെറ പ്രസ്താവനയും (രണ്ടു) ഭർത്താവിനെ കൊലപ്പെടുത്തിയതിൻെറ പേരിൽ ഘാതകനിൽ നി ന്നും ലഭിക്കുന്ന ദിയ(നഷ്ടപരിഹാരം)യിൽനിന്നു ഭാര്യക്ക് വിഹിതം കൊടുക്കേണ്ടതുണ്ട് എന്ന ളഹ്ഹാക്ക് ബ്നു സുഫ്യാന്(റ)ൻെറ പ്രസ്താവനയും (മൂന്ന്) പ്ലാഗ് (ത്വാവൂൻ) രോഗത്തെ സംബന്ധിച്ചും മജ്ജൂസികളുൽ നിന്ന് കപ്പം വാങ്ങുന്ന വിഷയത്തിലും അബ്ദുറഹ്മാൻ ബ്നു ഔഫ്(റ)ൻെറ പ്രസ്താവനയും ഉമർ(റ) സ്വീകരിച്ചതും (നാല്) വുളൂ ചെയ്യുമ്പോൾ കാൽകഴുകേണ്ടതിനു പകരം മേൽജോടി തടവുന്ന വിഷയത്തിൽ സഅദ്ബ്നു അബീവഖാസ്(റ)ൻെറ രിവായത്ത് ഉമർ(റ) സ്വീകരിച്ചതും (അഞ്ച്) ഭർത്താവ് മരിച്ച ഇദ്ദയിൽ ഇരിക്കുന്ന സ്ത്രീ അവളുടെ വീട്ടിൽ താമസിക്കുന്ന വിഷയത്തിൽ ഹുറൈഅത്ത് എന്ന സ്ത്രിയുടെ പ്രസ്താവന ഉസ്മാൻ(റ) സ്വീകരിച്ചതും ഇതിനു ഉദാഹരണങ്ങളാണ്. (فتح ج 16 ص 263)

ഖബർ വാഹിദ് ശറഇയായ ഹുക്മുകളുടെ ലക്ഷ്യമായി സ്വീകരിക്കുക എന്ന വിഷയത്തിൽ സ്വഹാബത്തിൻെറയിടയിൽ യാതൊരു ഭിന്നിപ്പും ഉണ്ടായിട്ടില്ല. ഒരു പക്ഷെ, ചിലർ ഇങ്ങനെ ചില ചോദ്യങ്ങൾ ഉന്നയിച്ചേക്കാം. (ഒന്ന്) ദുൽ യദൈനി എന്ന് വിളിക്കപ്പെടുന്ന ഒരാൾ നമസ്കാരം ചുരുക്കിയിരിക്കയാണോ അല്ലാഹുവിൻെറ റസൂലേ, അതോ അവിടുന്ന് മറന്നുവോ എന്ന് ചോദിച്ചപ്പോൾ ദുൽ യദൈനി സത്യം തന്നെയാണോ പറഞ്ഞിരിക്കുന്നത് എന്ന്

മറ്റുള്ളവരോട് ചോദിക്കുകയും അതെ എന്ന് അവർ മറുപടി പറയുകയും ചെയ്തതിനു ശേഷമല്ലേ അദ്ദേഹം പറഞ്ഞത് നബി(സ) കണക്കിലെടുത്തുള്ളൂ, (രണ്ട്) ജദ്ദത്ത്(ഉമ്മാമ) ൻെറ അനന്തരാവകാശ വിഷയത്തിലും ഗർഭത്തിലുള്ള ശിശുവിൻെറ അനന്തരാവകാശ വിഷയത്തിൽ അൽ മുഗീറത് ബ്നു ശുഅബ (റ)യുടെ രണ്ട് രിവായത്തുകൾ മുഹമ്മദ് ബ്നു മസ്ലമയും നബിയിൽ നിന്ന് കേട്ടിട്ടുണ്ടന്ന് സാക്ഷ്യം വഹിച്ചതിന് ശേഷമല്ലേ ഉമർ (റ) സ്വീകരിച്ചുള്ളൂ, (മൂന്ന്) സമ്മതം ചോദിക്കുന്ന വിഷയത്തിൽ അബൂമൂസൽ അശ്അരി(റ) പ്രസ്താവിച്ച ഒരു ഹദീസ് അബൂ സഈദ്(റ) സാക്ഷ്യം വഹിച്ചതിന് ശേഷമല്ലേ ഉമർ(റ) സ്വീകരിച്ചിള്ളൂ?. (നാല്) ജീവിച്ചിരിക്കുന്ന ആൾ വിലപിക്കുന്നത് കൊണ്ട് മരിച്ച ആൾ ശിക്ഷിക്കപ്പെടുമെന്ന് ഇബ്നു ഉമർ (റ) രിവായത്ത് ചെയ്ത ഹദീസ് സ്വീകരിക്കുവാൻ കൂട്ടാക്കാതെ ആയിഷ(റ) സംശയിച്ചിരുന്നില്ലേ? ഈ ചോദ്യങ്ങൾക്കുള്ള മറുപടി ഇപ്രകാരമാണ്.

ദുൽയദൈനിയുടെ ചോദ്യം നബി(സ)യുടെ ഓർമ്മക്ക് എതിരായിരുന്നു. അത്കൊണ്ടായിരുന്നു മറ്റുള്ളവരോട് ചോദിച്ചത്. മറവി പറ്റി എന്നുറപ്പായപ്പോൾ നബി(സ) അത് സ്വീകരിക്കുകയും ചെയ്തു.

മുഗീറഃ(റ)വിൻെറയും അബൂമൂസൽ അശ്അരി(റ)യുടെയും റിപ്പോർട്ടുകൾ ഉമർ(റ) അപ്പടി സ്വീകരിക്കാതിരുന്നത് സന്ദർഭത്തിൻെറയും ചുറ്റുപാടിൻെറയും വെളിച്ചത്തിൽ അദ്ദേഹത്തിന് സംശയം നേരിട്ടത് കൊണ്ട് കൂടുതൽ സ്ഥിരീകരണത്തിന് വേണ്ടിയായിരുന്നു. അബൂമൂസൽ അശ്അരി(റ) യുടെ സംഭവത്തിൽ നിന്ന് ഈ സംഗതി വ്യക്തമാകുന്നു. എന്ത് കൊണ്ടെന്നാൽ മൂന്ന് പ്രാവിശ്യം സലാം പറഞ്ഞിട്ടും മറുപടി ലഭിക്കാതെ വന്നപ്പോൾ അബൂമൂസ(റ) മടങ്ങി പോരുകയായിരുന്നു. അപ്പോഴേക്കും ഉമർ(റ) വരികയും മടങ്ങിപ്പോയതിനെ കുറിച്ച് ആക്ഷേപിക്കുകയും ശിക്ഷാനടപടി എടുക്കുമെന്ന് ഭയപ്പെടുത്തുകയും ചെയ്തു. അപ്പോഴായിരുന്നു അബൂമൂസ(റ) ഹദീസ് ഉദ്ധരിച്ച് കൊടുത്തത്. (മൂന്ന് പ്രാവിശ്യം സലാം പറഞ്ഞിട്ടും മറുപടി ലഭിക്കാത്തതിനാൽ നിങ്ങൾ മടങ്ങിപോരണം) എന്ന് നബി(സ) പറഞ്ഞിട്ടുണ്ടന്ന് അബൂമൂസ(റ) അറിയിച്ചു. ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി അദ്ദേഹം ഇങ്ങനെ പറഞ്ഞതായിരിക്കുമോ എന്ന് ഉമർ(റ) സംശയം തോന്നിയത് കൊണ്ട് ഉടനെ സ്വീകരിക്കാതിരുന്നതായിരിക്കാം. അല്ലാതെ, ഒരാൾ പറയുന്നത് മാത്രം സ്വീകരിച്ചുകൂടാ എന്ന കാരണമല്ല എന്തുകൊണ്ടന്നാൽ ഒരാൾ മാത്രം ഉദ്ധരിച്ച ഹദീസ് ഉമർ (റ) സ്വീകരിച്ച ഒന്നിലധികം സംഭവങ്ങൾ മുമ്പ് ഉദ്ധരിച്ചത് നാം കണ്ടുവല്ലോ.

ആയിശ(റ) സ്വീകരിക്കാതിരുന്നത് ഉദ്ധാരകൻ ഒരാൾ മാത്രമായിരുന്നു എന്ന കാരണം കൊണ്ടായിരുന്നില്ല. നേരെ മറിച്ച്, ഖുർആൻ വാക്യം കൊണ്ട് സിദ്ധിക്കുന്ന തത്വത്തോട് എതിരാണ് ഇബ്നു ഉമർ(റ) പ്രസ്താവിച്ച ഹദീസ് കൊണ്ട് വരുന്നത് എന്ന് അവർക്ക് അഭിപ്രായം തോന്നിയതിനാലായിരുന്നു. ഈ യഥാർത്ഥ്യം ആ സംഭവ വിവരണത്തിൽ തന്നെ കാണാം.

അപ്പോൾ മേൽ പ്രസ്താവിച്ച സംഭവങ്ങൾ ഒന്നും തന്നെ ഖബർ വാഹിദ് ലക്ഷ്യമാണെന്നുള്ള വിഷയത്തിൽ സ്വഹാബത്തിൻെറ ഇടയിൽ ഭിന്നാഭിപ്രായമില്ലായിരുന്നു എന്ന് പറഞ്ഞ അഭി

പ്രായത്തിന് എതിരാകുന്നില്ല. ദിവ്യബോധനം ലഭിച്ചുകൊണ്ടിരുന്ന പ്രവാചകനിൽ നിന്നും വിജ്ഞാനം കരസ്തമാക്കിയവരാണല്ലോ സ്വഹാബത്ത്. ഖബർ വാഹിദ് ലക്ഷ്യമായി സ്വീകരിക്കുന്ന വിഷയത്തിൽ അവരുടെ ഇടയിൽ യാതൊരു അഭിപ്രായ വ്യത്യാസവും ഉണ്ടായിരുന്നില്ലെന്ന് കാണുമ്പോൾ നാം എന്താണ് മനസിലാകേണ്ടത്? ഖുർആനിൽ നിന്നും നബി (സ)യിൽ നിന്നും അവർക്ക് പഠിക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു യാഥാർഥ്യമാണന്നല്ലേ? എന്നിരിക്കെ ഈ യാഥാർഥ്യത്തെ ബാലിശങ്ങളായ ചില ദുർന്യായങ്ങളും പറഞ്ഞു നിഷേധിക്കുവാൻ ഒരു സത്യവിശ്വാസിക്കും ധൈര്യം വരുകയില്ല. കൂടാതെ യുക്തിയിലൂടെ ചിന്തിച്ചു നോക്കിയാലും ഖബർ വാഹിദിൻെറ പ്രാമാണ്യത തന്നെയാണ് തെളിഞ്ഞു കാണുക. എന്തുകൊണ്ടന്നാൽ മതപരമായ നിയമങ്ങൾ എത്തിച്ച് കൊടുക്കുക എന്നുള്ളത് റസൂൽ തിരുമേനിയുടെ(സ) നിയമനോദ്ദേശ്യങ്ങളിൽ ഒന്നാണല്ലോ. വിശ്വാസ യോഗ്യരായ വ്യക്തികളാൽ നിവേദനം ചെയ്യപ്പെടുന്ന ഹദീസുകൾ സത്യമായിരിക്കാൻ തന്നെയാണ് കൂടുതൽ സാധ്യത. അവർക്ക് പിഴവ് പറ്റുന്നത് വളരെ അപൂർവ്വമായിട്ട് മാത്രമേ സംഭവിക്കാറുള്ളൂ. സത്യസന്ധനും സ്ഥിരചിത്തനും സന്മാർഗ നിഷ്ടയുള്ളവനുമായ ഒരാൾ പറയുന്ന വർത്തമാനം സത്യമായിരിക്കുമെന്ന ധാരണ തന്നെയാണ് മികച്ച് നിൽക്കുന്നത്. അപൂർവ്വമായി മാത്രം സംഭവിക്കാറുള്ള ഒരു ദോഷത്തെ ഭയന്ന് പ്രബലമായി നിൽക്കുന്ന നൻമ ഉപേക്ഷിച്ചു കൂടെന്നു ഏതു ബുദ്ധിയും സമ്മതിക്കുന്ന ഒരു തത്വമാകുന്നു. ആകയാൽ ഖബർ വാഹിദ് പ്രമാണീകരിക്കണമെന്നു തന്നെയാണ് യുക്തിയും സിദ്ധാന്തിക്കുന്നത്.

ഖബർ വാഹിദ് സ്വീകരിക്കപ്പെടണമെന്ന തത്വത്തെ പാടെ നിഷേധിക്കാതെ ചുരുങ്ങിയത് രണ്ടാൾ വഴിയെകിലും ഉദ്ധരിക്കപ്പെടാത്തത് സ്വീകരിച്ചു കൂടാ എന്ന വാദവും ചിലർക്കുണ്ട്. ഈ വാദത്തിനും ഖുർആനിൽ നിന്നോ ഹദീസിൽ നിന്നോ സ്വഹാബത്തിൻെറ നയത്തിൽ നിന്നോ യാതൊരു തെളിവും കൊണ്ടുവരിക സാധ്യമല്ല. ക്രിമിനൽ കേസുകളിലും സിവിൽ കേസുകളിലും ഒരു ന്യായാധിപന് വിധി കൽപിക്കണമെകിൽ ചുരുങ്ങിയത് രണ്ടു സാക്ഷികളെകൊണ്ടെങ്കിലും വാദം ശരിയാണന്ന് തെളിയിക്കേണ്ടത് ആവശ്യമാണന്ന് ഖുർആനിലും ഹദീസിലും മറ്റും പറയപ്പെട്ട ഒരു നിയമമാണല്ലോ. അപ്പോൾ മതപരമായ ഏതൊരു നിയമവും സ്ഥിരപ്പെടണമെകിലും ചുരുങ്ങിയത് രണ്ടു സാക്ഷികളെയെങ്കിലും ആവശ്യമാണെന്നുള്ള തെറ്റായ ഒരു ഖിയാസ് (അനുമാനം) മാത്രമാണ് ഈ വാദത്തിന് തെളിവായി കൊണ്ടുവരപ്പെട്ടിട്ടുള്ളത്. അതിനാൽ ഈ വാദത്തെയും ഇതിൻെറ തെളിവിനെയും കുറിച്ച് ഇവിടെ അൽപം പരാമർശിക്കാതിരിക്കുവാൻ തരമില്ല. ഈ വാദം അങ്ങേയറ്റം ബാലിശമാണെന്നും അതിനു തെളിവായി കൊണ്ട് വരുന്ന തെറ്റായ ഖിയാസ് (അനുമാനം) അതിലേറെ ദുർബ്ബലമാണെന്നും ഞാൻ മുമ്പുദ്ധരിച്ച തെളിവുകൾ കൊണ്ടു തന്നെ സ്ഥിരപെടുന്നതാണ്. വിശുദ്ധ ഖുർആൻ വാക്യങ്ങളുടെയും ഹദീസുകളുടെയും സ്വഹാബത്തിൻെറയും താബിഉകളുടെയും ഇടയിൽ നിരാക്ഷേപം തുടർന്ന് വന്ന ഒരു നയത്തിൻെറയും മേലുദ്ധരിച്ച വ്യക്തമായ തെളിവുകൾക്കെതിരിലും കേവലം ഒരു തെറ്റായ ഖിയാസ് (അനുമാനത്തെ) മാത്രം അവലംബമാക്കി ഉന്നയിക്കപ്പെടുന്ന ഈ വാദത്തിൻെറ പാപ്പരത്തം പകൽ വെളിച്ചമെന്നോണം പ്രത്യക്ഷമാണ്. ഈ ഖിയാസ് (അനുമാനത്തെ) നമുക്കൊന്ന് പരിശോധിക്കാം. കേസുകളിൽ ന്യായാധിപനു വിധികൾ കൽപിക്കണമെകിൽ രണ്ടു സാക്ഷികളെ

കൊണ്ട് വാദം തെളിയിക്കണമെന്നുള്ളതാണല്ലോ അതിൻെറ അടിസ്ഥാനം. നമ്മുടെ വിഷയവും ഇതും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

ഒന്നാമത് കേസ് എന്ന് പറയപ്പെടുന്നത് ഒരു വ്യക്തിയെ സംബന്ധിച്ച് അവൻെറ ദേഹത്തിനോ ധനത്തിനോ ദോഷം വരുത്തിയ ഒരു കാര്യം ചെയ്തിട്ടുണ്ടന്നും മറ്റൊരാൾ ന്യായാധിപൻെറ മുമ്പാകെ ആവലാതി ബോധിപ്പിക്കുന്നതിനാണല്ലോ ഇവിടെ ആവലാതി ബോധിപ്പിക്കുന്ന ഒരാളും 'വാദി', ആവലാതിക്ക് പാത്രമായിത്തീർന്നിട്ടുള്ളവനും ശിക്ഷക്ക് വിധേയനായിത്തീരേണ്ടവനുമായ മറ്റൊരാളും 'പ്രതി', അവരുടെ ഇടയിൽ നീതിയും നിയമവും അനുസരിച്ച് വിധികൽപിക്കുന്ന മറ്റൊരാളും 'ന്യായാധിപന്', ഇങ്ങനെ മൂന്നു പേരെങ്കിലും ഉണ്ടായിരിക്കുന്നതാണ്. വാദിയുടെ കുറ്റാരോപണം പ്രതി നിഷേധിച്ചിരിക്കുകയാണ്, താൻ നിരപരാധിയാണ് എന്നാണ് അവൻെറ വാദം. ഇവിടെ വാദവും എതിർവാദവും കേട്ട് ഒരു പ്രതേക വ്യക്തിയുടെ ദേഹത്തിനോ ധനത്തിന്നോ ദോഷകരമായി ഭവിക്കുന്ന ഒരു തീരുമാനം എടുക്കുകയാണ് ന്യായാധിപൻ ചെയ്യേണ്ടത്. അതിനു രണ്ടു സാക്ഷി വേണമെന്ന് പറയുന്ന കാര്യം ഒന്ന് വേറെയാണ്. എന്തെന്നാൽ പരസ്പര വിരുദ്ധമായ രണ്ടു പ്രസ്താവനകളാണ് ഇവിടെ നിലവിലുള്ളത്. വാദിയുടേതും പ്രതിയുടേതും അവ രണ്ടിൽ ഒന്നിന് മുൻഗണന നൽകുന്ന പ്രശ്നമാണ് ന്യായാധിപനെ നേരിടുക. അപ്പോൾ ഒരു സാക്ഷി വാദിയോ പ്രതിവാദിയോ പറയുന്നതിന്നു പിന്തുണക്കണം. ഒരു സാക്ഷി എതിർവാദിയുടെ വാദത്തെ അതിജയിക്കുവാനും ഇങ്ങനെ ചുരുക്കത്തിൽ രണ്ടു സാക്ഷി വേണമെന്നു വെച്ച് ഇതാണതിൻെറ യുക്തി. വർത്തമാനങ്ങളുടെ റിപ്പോർട്ടിലാകട്ടെ ഒരു എതിർവാദി നിലവിലില്ല. അത് കൊണ്ട് സാക്ഷി പറയലുമായി റിപ്പോട്ടിനെ താരതമ്യപ്പെടുത്തുന്നത് അസ്ഥാനത്താണ്. ഇവിടെ പ്രതി കുറ്റം സമ്മതിക്കുകയാണകിൽ ന്യായാധിപന് വിധികൽപ്പിക്കുവാൻ ഒരു സാക്ഷിയും ആവശ്യമില്ല എന്നത് പ്രതേകം ശ്രദ്ധേയമാണ്. ഇതാകുന്നു വ്യവഹാരം എന്ന് പറയപ്പെടുന്നത്. നമ്മുടെ വിഷയം അങ്ങനെയുള്ളതല്ല. ഇവിടെ ഒരു പ്രതേക വ്യക്തിയുടെ ദേഹത്തിനോ ധനത്തിനോ ദോഷകരമായി ബാധിക്കുന്ന ഒരു ശിക്ഷാനടപടിയും എടുക്കുന്നില്ല. ഇവിടെ ഒരു വാദിയും പ്രതിയുമില്ല. മതപരമായി മനുഷ്യൻ സ്വീകരിക്കേണ്ടുന്ന കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനെ സംബന്ധിച്ച് അല്ലാഹുവിൻെറ റസൂൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്, അല്ലെങ്കിൽ പ്രവർത്തിച്ചിട്ടുണ്ട്, എന്നിങ്ങനെ തിരുമേനിയിൽ നിന്ന് നേരിട്ട് കേട്ടും കണ്ടും പഠിച്ചും ഹൃദിസ്ഥമാക്കിയ വിശ്വസ്തനും ബുദ്ധിശക്തിയും ഓർമശക്തിയും സത്യസന്ധനും മതനിഷ്ടയുള്ളവനുമാണെന്ന് സമ്മതിക്കപ്പെട്ട ഒരാൾ ഉദ്ധരിക്കുന്നു. അങ്ങനെ ഉപരിസൂചിതമായ ഗുണങ്ങൾ തികഞ്ഞവർ ഒരാളിൽ മറ്റൊരാളായികൊണ്ടുള്ള പരമ്പര വഴിയായി ആ വർത്തമാനം നമുക്ക് ലഭിക്കുന്നു. അത് നമുക്ക് സ്വീകരിക്കാമോ? ഇതാണ് നമ്മുടെ മുമ്പിലുള്ള വിഷയം. വ്യവഹാര കാര്യവും ഇതും തമ്മിൽ യാതൊരു സാദൃശ്യവുമില്ല. ഇതു നമുക്ക് സ്വീകരിക്കാം. മാത്രമല്ല സ്വീകരിക്കുക തന്നെ വേണം. ധാരാളം തെളിവുകൾ അതിനു നാം കണ്ടു കഴിഞ്ഞു. എന്നിരിക്കെ മേൽ പ്രസ്താവിച്ച അങ്ങേയറ്റം ബാലിശമായ ഒരു ഖിയാസിനെ മാത്രം അടിസ്ഥാനമാക്കി പരിശുദ്ധ ദീനുൽ ഇസ്ലാമിൻെറ മിക്കവാറും വിഷയങ്ങളെ ബാധിക്കുന്നതും മുസ്ലിം ലോകം ഇതുവരെ സ്വീകരിച്ചു വന്നിട്ടുള്ളതുമായ മതകാര്യങ്ങളുടെയെല്ലാം അടിസ്ഥാനമായ പ്രവാകചര്യ (സുന്നത്ത്) നിഷേധിക്കുന്നത് ഇസ്ലാമിനോട് കാണിക്കുന്ന ക്രൂരമായ ഒരനീതിയാകുന്നു. ഖുർആനിൻെറയും ഹദീസിൻെറയും

വ്യക്തമായ തെളിവുകൾക്കെതിരായി ആർക്കെങ്കിലും തോന്നുന്ന ഇത്തരം അനുമാനങ്ങൾക്ക് സ്ഥാനം നൽകാമെങ്കിൽ വിശുദ്ധ ഖുർആനിൽ വ്യക്തമായി പറഞ്ഞിട്ടുള്ള ചില നിയമങ്ങൾ തന്നെ മാറ്റുകയോ ഭേദപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന് വാദിക്കുവാൻ മുതിർന്നേക്കുമോയെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു.

വ്യഭിചാരകുറ്റം ചെയ്തതിനു നൂറ് അടിശിക്ഷ നൽകണമെന്ന നടപടി എടുക്കണമെങ്കിൽ നാല് സാക്ഷികളെ വേണമെന്നാണല്ലോ ഖുർആൻ പറയുന്നത്. കൊലക്കുറ്റം ചെയ്തതിനു വധശിക്ഷ നൽകുവാൻ രണ്ടു കക്ഷികൾ മതി എന്ന് അത് തന്നെ പറയുകയും ചെയ്യുന്നു. താരതമ്യേന ലഘുവായ ഒരു ശിക്ഷ നൽകുവാൻ നാല് സാക്ഷികളെ വേണമെന്ന് പറയുമ്പോൾ നമ്മുടെ ദൃഷ്ടിയിൽ അതിലും എത്രയോ കഠിനമായതും ഒരാളുടെ ജീവഹാനി തന്നെ വരുത്തുന്നതുമായ വധശിക്ഷക്ക് ചുരുങ്ങിയത് നാല് സാക്ഷികളെങ്കിലും വേണ്ടതാണെന്ന് നമുക്ക് തോന്നിക്കൂടെ? അല്ലാഹുവിൻെറയും റസൂലിൻെറയും തീരുമാനത്തിന് എതിരിൽ നമ്മുട അനുമാനത്തിനു സ്ഥാനം നൽകാമെങ്കിൽ, **معاذ الله** ഈ രണ്ടു തീരുമാനങ്ങളിൽ ഏതെങ്കിലും ഒന്ന് മാറ്റേണ്ടതാണെന്ന് നമുക്ക് വാദിച്ച് കൂടെ? പാടില്ല, ഒരിക്കലും പാടില്ല. ഖുർആനിന്നും ഹദീസിന്നും നിരക്കാത്ത ഇത്തരം അനുമാനങ്ങൾ പിശാച് നമ്മുടെ ഹൃദയങ്ങളിൽ കുത്തിചെലുത്തുന്ന **وسواس** (ദുർമന്ത്രങ്ങൾ) മാത്രമാകുന്നു. അവ വലിച്ചെറിഞ്ഞു ഖുർആനും ഹദീസും അനുസരിച്ച് സ്വഹാബത്തും താബിഈങ്ങളും നടന്നപോലെ നടക്കുകയാണ് നാം വേണ്ടത്. ഈ സൻമാർഗം സ്വീകരിക്കുവാൻ അള്ളാഹു എല്ലാ സത്യവിശ്വാസികൾക്കും തൗഫീഖ് ചെയ്യട്ടെ ആമീൻ.

اللهم أرنا الحق حقا وارزقنا اتباعه, وأرنا الباطل باطلا وارزقنا اجتنابه